LIBRARY ARCHIVES Kerala Legislative Assembly

ലാബ് ടെക്നീഷ്യൻ തസ്തിക സൃഷ്ടിക്കാൻ നടപടി

236 (4961) ശ്രീ. പ്രമോദ് നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 19-2-2021-ലെ സ.ഉ.(കൈ)52/2021/ആ.കു.വ. ഉത്തരവിന് വിധേയമായി ആരോഗ്യ വകുപ്പിൽ സൃഷ്ടിച്ച ലാബ് ടെക്നീഷ്യൻ തസ്തിക സംബന്ധിച്ച വിവരം ലഭ്യമാക്കാമോ ;

&

(ബി) കോവിഡ്, സിക്ക വൈറസ് രോഗങ്ങളുടെ ഭീഷണിയുടെ പശ്ചാത്തലത്തിൽ രോഗ വ്യാപനം തടയുന്നതിന്റെ ഭാഗമായുള്ള ലാബ് പരിശോധനകൾക്കായി ഓരോ സാമൂഹികാരോഗ്യ കേന്ദ്രത്തിലും ആവശ്യമായ ലാബ് ടെക്നീഷ്യൻമാരുടെ തസ്തിക, മേൽ ഉത്തരവനുസരിച്ച് സൃഷ്ടിക്കാൻ പദ്ധതിയുണ്ടോ?

19-2-2021-ലെ സ.ഉ.(കൈ) നമ്പർ 52/2021/ ആ.കു.വ. പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ 1200 തസ്തികകൾ തത്ത്വത്തിൽ സൃഷ്ടിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒന്നാം ഘട്ടമെന്ന നിലയിൽ നാലിൽ ഒരുഭാഗമായ 300 തസ്തികകൾ 3-8-2021-ലെ സ.ഉ.(കൈ) നമ്പർ 143/2021/ ആ.കു.വ. പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ആയതിൽ ലാബ് ടെക്നീഷ്യൻ തസ്തിക ഉൾപ്പെട്ടിട്ടില്ല.

(സി) ആർദ്രം മിഷൻ പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി അപ് ഗ്രേഡ് ചെയ്യുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സൃഷ്ടിക്കാനുദ്ദേശിക്കുന്ന ലാബ് ടെക്നീഷ്യൻ തസ്തിക സംബന്ധിച്ച് വിശദമാക്കുമോ?

ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്ത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലാബ് ടെക്നീഷ്യന്റെ 170 തസ്തികകളും രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത കുടുംബാരോഗ്യകേന്ദ്രങ്ങളിൽ 200 ലാബ് ടെക്നീഷ്യൻ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.